## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 273

29.01.2014- ലെ മറുപടിക്ക്.

### കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ്

**ചോദ്യം**

ശ്രീ. ജി. സുധാകരൻ
ശ്രീ. വി. ശിവൻകുട്ടി
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീ. പി. റ്റി. എ. റഹീം

**ഉത്തരം**

ശ്രീ.കെ.സി.ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; കൂടുതൽ കേന്ദ്ര സഹായം നേടിയെടുക്കുവാൻ സാധ്യമായിട്ടുണ്ടോ ; പൂർണ്ണതോതിൽ നടപ്പിലാക്കാൻ സാധിക്കാതെ പോയ കേന്ദ്ര പദ്ധതികൾ ഏതൊക്കെയാണ് ; | (എ) | സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. കൂടുതൽ കേന്ദ്ര സഹായം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2012-13-ൽ 2176.60 കോടി രൂപയും 2013-14-ൽ 2643.20 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.<br>പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നത് മാർച്ച് 31ന് ആകയാൽ അതിന്ശേഷമേ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാതെ പോയ പദ്ധതികളുടെ വിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) | പദ്ധതി നടത്തിപ്പ് തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ; | (ബി) | പദ്ധതി നടത്തിപ്പ് തൃപ്തികരമാണ്. |
| (സി) | പദ്ധതി നടത്തിപ്പിൽ ഏന്തെല്ലാം പാകപ്പിഴകളാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (സി) | പദ്ധതി നടത്തിപ്പിൽ പാകപ്പിഴകൾ ഒന്നും ഉണ്ടായിട്ടില്ല. |
| (ഡി) | ഇക്കഴിഞ്ഞ വർഷം കേന്ദ്രാവിഷ്കൃത പദ്ധതി തുക ചെലവഴിക്കുന്നതിലെ വീഴ്ച മൂലം നടപ്പുവർഷത്തെ പദ്ധതിക്ക് തുക അനുവദിച്ചപ്പോൾ കുറവ് വരുത്തിയിരുന്നുവോ ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ? | (ഡി) | നടപ്പുവർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക അനുവദിച്ചതിൽ കുറവ് വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ